# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.-1333    21/03/2013 ൽ മറുപടിക്ക്

## പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ; | (എ) & (ബി) | പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് പുതുക്കിയ അലൈൻമെന്റിന് ഭരണാനുമതി നൽകേണ്ടതുണ്ട്. രണ്ട് കി.മി സർവ്വേക്കല്ല് സ്ഥാപിച്ചിട്ടുണ്ട്. ജനങ്ങളുടെ എതിർപ്പ് കാരണം പ്രസ്തുത പ്രവൃത്തി തുടരാൻ സാധിച്ചിട്ടില്ല. പുതുക്കിയ അലൈൻമെന്റ് പ്രകാരം സ്ഥലമെടുക്കുന്നതിനായുള്ള പ്രൊപ്പോസൽ 03/05/2012 ലെ G.O(MS) 182/2012/RD നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രോഫോർമയിൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് റവന്യൂ വകുപ്പ് മുഖേന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നറിയിക്കുമോ ; | | |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആരെങ്കിലും ബഹു.ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; | (സി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവർ ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.<br>1. അസീസ് കക്കാടൻ<br>ജനറൽ സെക്രട്ടറി,<br>കോഴിക്കോട് ജില്ലാ പൌരാവകാശ സംരക്ഷണസമിതി, പോനോളി, പേരാമ്പ്ര.<br>2. സുരേഷ് ബാബു, പേരാമ്പ്ര. |
| (ഡി) | പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പുതിയ സർക്കുലറുകളോ, ഉത്തരവുകളോ റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

8/